# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 2358**

**08.05.2017-ന് മറുപടിയ്ക്ക്**

## സ്കൂൾ വിദ്യാർത്ഥികളുടെ ക്ഷേമം ഉറപ്പാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) അദ്ധ്യയനവർഷം ആരംഭിക്കുന്നതിനു മുമ്പായി വിദ്യാലയങ്ങളിലെ കെട്ടിടങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് ഗവൺമെന്റ് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; | (എ) അദ്ധ്യയനവർഷം ആരംഭിക്കുന്നതിനു മുമ്പായി സംസ്ഥാനത്തെ മുഴുവൻ സ്കൂൾ കെട്ടിടങ്ങളുടെയും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം ഇതിനകം നൽകിയിട്ടുണ്ട്. ആയത് പ്രകാരം ടി ഉദ്യോഗസ്ഥർ തങ്ങളുടെ അധികാരപരിധിയിൽപ്പെടുന്ന ഏതെങ്കിലും സ്കൂളുകൾ ജീർണ്ണാവസ്ഥയിലുള്ളതാണോ, മഴക്കാലത്ത് പഠന പ്രവർത്തനം നടത്താനാവാത്തവിധം ഉപയോഗശൂന്യമായതാണോയെന്ന് പരിശോധിക്കുവാനും അപ്രകാരം കണ്ടെത്തുന്ന സ്കൂൾ കെട്ടിടങ്ങളുടെ കേടുപാടുകൾ പരിഹരിക്കുവാൻ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് ആവശ്യപ്പെടുവാനും അടിയന്തിര സാഹചര്യം നിലനിൽക്കുന്ന വിഷയങ്ങൾ ജില്ലാ കളക്ടറുടെ ശ്രദ്ധയിൽകൊണ്ടുവരാനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) സ്കൂൾ വാഹനങ്ങളുടെ സുരക്ഷിതത്വം, ഫിറ്റ്നസ്സ് തുടങ്ങിയവ പരിശോധിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; | (ബി) സ്കൂൾ വാഹനങ്ങളിൽ സഞ്ചരിക്കുന്ന വിദ്യാർത്ഥികളുടെ വിശദ വിവരങ്ങളും കുട്ടികൾ സഞ്ചരിക്കുന്ന ബസിന്റെ വിശദാംശങ്ങളും രജിസ്റ്ററിൽ രേഖപ്പെടുത്താറുണ്ട്. സ്കൂൾ വാഹനങ്ങളുടെ ദൈനംദിന കാര്യങ്ങളുടെ ചുമതല ഒരു അദ്ധ്യാപകനെ ഏൽപ്പിച്ചിട്ടുണ്ട്. സ്കൂളുകളിൽ ട്രാഫിക് ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. എല്ലാ സ്കൂൾ വാഹനങ്ങൾക്കും വേഗപരിധി നിശ്ചയിച്ചിട്ടുണ്ട്. മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റും ട്രാഫിക് പോലീസ് ക്ലബ്ബിന്റെ അധികാരികളും റോഡ് സുരക്ഷയെക്കുറിച്ചുള്ള ബോധവൽക്കരണ |

ക്ലാസുകൾ നടത്തിവരുന്നു. റോഡ് സുരക്ഷയെ സംബന്ധിച്ച് ഒരു പാഠഭാഗം സിലബസിൽ ഉൾപ്പെടുത്തുന്നതിനായി എസ്.സി.ഇ.ആർ.ടിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അനുവദനീയമായതിൽ കൂടുതൽ എണ്ണം കുട്ടികളെ സ്കൂൾ വാഹനങ്ങളിൽ കയറ്ററുതെന്നും വാഹനം ഓടിക്കുമ്പോൾ ഡ്രൈവർമാർ മൊബൈൽ ഫോൺ ഉപയോഗിക്കരുതെന്നും കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

| | |
|---|---|
| (സി) സ്കൂൾ വിദ്യാർത്ഥികൾക്ക് ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിനു വേണ്ടി ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ; | (സി) സ്കൂൾ വിദ്യാർത്ഥികൾക്ക് ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ശുചിത്വ മിഷൻ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ എയ്ഡഡ്, അൺഎയ്ഡഡ് സ്കൂൾ മാനേജർമാർ, പ്രിൻസിപ്പൽമാർ എന്നിവർക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (ഡി) അദ്ധ്യയന വർഷത്തിലെ ആദ്യദിനം മുതൽ കുട്ടികൾക്ക് ഉച്ചഭക്ഷണം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ? | (ഡി) 2017-18 അദ്ധ്യയന വർഷത്തിൽ തന്നെ കുട്ടികൾക്ക് ഉച്ചഭക്ഷണം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. സ്കൂളുകളുടെ കൈവശമുള്ള കണ്ടിജന്റ് ചാർജിന്റെ (പാചക ചെലവിനുള്ള തുക) നീക്കിയിരിപ്പ് ശേഖരിച്ച് കഴിഞ്ഞിട്ടുണ്ട്. അരിയുടെ ബാലൻസ് സ്റ്റോക്ക് ശേഖരിച്ച് വരുന്നു. കേന്ദ്ര സർക്കാർ ആദ്യപാദത്തിലേക്കുള്ള അരി അനുവദിച്ചിട്ടുണ്ട്. എഫ്.സി.ഐ. ഡിപ്പോയിൽ നിന്ന് ഓരോ ജില്ലയിലേക്കും ലിഫ്റ്റ് ചെയ്യേണ്ട അരിയുടെ അളവ് സംബന്ധിച്ച വിവരം എഫ്.സി.ഐയുടെയും കേരള സിവിൽ സപ്ലൈസ് കോർപ്പറേഷന്റെയും ബന്ധപ്പെട്ട അധികാരികളിൽനിന്നും ശേഖരിച്ചുവരുന്നു. സ്കൂളുകൾക്ക് ആവശ്യമായ ഫണ്ട് ബന്ധപ്പെട്ട പ്രധാനാദ്ധ്യാപകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഇ-ട്രാൻസ്ഫർ ചെയ്ത് നൽകുന്നതാണ്. കൂടാതെ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പ് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ